ബയോമെഡിക്കൽ വേസ്റ്റ്

14 (4297) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസലിന് ഇന്ന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിദിനം എത്ര ടൺ വേസ്റ്റാണ് സംസ്ഥാനത്ത് മൊത്തം ലഭ്യമാവുന്നത്; ഇമേജ് (IMAGE) മുഖേന കഞ്ചിക്കോട്ടെ പ്ലാന്റിൽ പ്രതിദിനം എത്ര ടൺ വേസ്റ്റ് ഡിസ്പോസ് ചെയ്യാനുള്ള സംവിധാനമുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്താകെയുള്ള ആശുപത്രികളിൽ നിന്നുള്ള വേസ്റ്റ് കാര്യക്ഷമമായി ഡിസ്പോസ് ചെയ്യാൻ തക്കവിധമുള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ 'ഐ.എം.എ' യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന 'IMAGE' എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ് ആശുപത്രികളിലെ ബയോമെഡ്ഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്. ചില ആശുപത്രികളിൽ ഇൻസിനറേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നു ലഭിച്ച വിവരങ്ങൾ പ്രകാരം പ്രതിദിനം ഏകദേശം 40000 (40 ടൺ) കിലോഗ്രാം എന്ന തോതിൽ ബയോമെഡിക്കൽ മാലിന്യം സംസ്ഥാനത്ത് ഉണ്ടാകുന്നു എന്ന് കണക്കാക്കുന്നു. ഇപ്പോൾ IMA-യുടെ ഉടമസ്ഥതയിൽ പാലക്കാട് പുതുശ്ശേരിയിൽ ഒരു പൊതു സംവിധാനം (IMAGE) ബോർഡിന്റെ അനുമതിയോടെ പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ ഇത്തരത്തിൽ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്ന ഏക പൊതു സംവിധാനമാണിത്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചത് 2004-ലാണ്. നിലവിൽ 4 ഇൻസിനറേറ്റർ, 3 ഓട്ടോക്ലേവ്, 2 ഷ്രഡ്ഡർ എന്നീ മെഷിനറികൾ ആശുപത്രി മാലിന്യ നിർമ്മാർജ്ജനത്തിനായി ഇവിടെ ഉപയോഗിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശരാശരി 15 ടൺ മാലിന്യങ്ങൾ ഇൻസിനറേറ്ററുകൾ വഴി സംസ്കരിക്കുന്നുണ്ട്. ശരാശരി 7 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഓട്ടോക്ലേവ് ചെയ്ത് പൂർണ്ണമായും ഷ്രഡ്ഡ് ചെയ്ത് റീസൈക്ലേഴ്സിന് നല്കുന്നു. സൂചികൾ, വേസ്റ്റ്ഷാർപ് എന്നിവ ഓട്ടോക്ലേവ് ചെയ്ത് സ്ഥാപനത്തിൽ തന്നെയുള്ള കോൺക്രീറ്റ് ചെയ്ത കുഴികളിൽ ശേഖരിക്കുന്നു. ഇതെല്ലാം Biomedical Waste (Management & Handling) Rules, 1998 ചട്ടപ്രകാരമാണ് ചെയ്യുന്നത്.

(സി) സ്വന്തമായി സംവിധാനം ഏർപ്പെടുത്തുന്നത് ഭാരിച്ച സാമ്പത്തിക ചെലവ് ഉണ്ടാക്കുന്നതിനാൽ മിക്ക സ്ഥാപനങ്ങളും പൊതു സംവിധാനത്തിലാണ് ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നത്. ഇപ്പോൾ IMA-യുടെ ഉടമസ്ഥതയിൽ പാലക്കാട് പുതുശ്ശേരിയിൽ ഒരു പൊതു സംവിധാനം (IMAGE) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയോടെ പ്രവർത്തിച്ചുവരുന്നു. നിലവിലെ സ്ഥിതി കണക്കിലെടുത്താൽ ആശുപത്രിയുടെ എണ്ണം വളരെ കൂടുതലാണ്. ഇവയുടെ മാലിന്യം ഒരു സ്ഥലത്തേക്ക് കൊണ്ടുവന്ന് നിർമ്മാർജ്ജനം ചെയ്യുന്നത് പ്രായോഗികമല്ല. ആയതിനാൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ മറ്റു ജില്ലകളിൽ തുടങ്ങേണ്ടത് അനിവാര്യമാണ്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിൽ പാലോട് 7.5 ഏക്കർ സ്ഥലത്ത് ദിവസേന ഏഴ് ടൺ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഒരു പൊതു സംവിധാനം ഏർപ്പെടുത്താൻ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന് 6-12-2012-ൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിബന്ധനാ വിധേയമായി സ്ഥാപനാനുമതി നല്കി. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുള്ളത്.

ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ കൂടുതൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീമിൽ (CSS) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി സംസ്ഥാനത്ത് പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി തൽപ്പരകക്ഷികളിൽനിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് expression of interest ക്ഷണിച്ചിരുന്നു. മേൽ പദ്ധതിയിൽ ഒരു പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ പരമാവധി വിഹിതം ഒരു കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതത്തിന് തത്തുല്യമായ തുകയാണ് കേന്ദ്രസർക്കാരിൽനിന്നും പദ്ധതി വിഹിതമായി ലഭ്യമാക്കുന്നത്. ഇത് പ്രകാരം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL) ഇത്തരത്തിലുള്ള പൊതു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ അമ്പലമേടിൽ പൊതു ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ ഫെസിലിറ്റിക്കായി നീക്കിവച്ചിട്ടുള്ള 50 ഏക്കർ സ്ഥലത്തു തന്നെ 2.5 ഏക്കർ സ്ഥലം പ്രത്യേകം വേർതിരിച്ച് ബയോമെഡിക്കൽ വേസ്റ്റ് ഫെസിലിറ്റിക്കായി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് അതിന് സ്ഥാപനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ Malabar Enviro Vision Private Limited എന്ന സ്വകാര്യ സ്ഥാപനം സ്ഥലം കണ്ടെത്തി. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈ സംരംഭത്തിനു സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും എൻവയോൺമെന്റൽ ക്ലിയറൻസ് നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി അറിയുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ നിയമനങ്ങൾ

15 (4298) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഭരണപ്രതിസന്ധിയാണെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർ കോർപ്പറേഷൻ വിട്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഇവിടെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇക്കാര്യത്തിൽ സംവരണ തത്വം അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോർപ്പറേഷനിൽ ആകെ 86 തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കോർപ്പറേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ മറ്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ ഏതെങ്കിലും ഉയർന്ന ജോലി ലഭിക്കുമ്പോൾ പ്രസ്തുത കരാർ ജീവനക്കാർ കോർപ്പറേഷനിലെ ജോലിയിൽനിന്ന് വിട്ടുപോകുകയാണ് ചെയ്യുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 453 പേർ ഡെപ്യൂട്ടേഷൻ/കരാർ / ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly